# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8 | 26.09.2011-ൽ മറുപടിയ്ക്ക്

## ഫയലുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി ) |
| (എ) | ഈ സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടികളിൽ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) യും (ബി) യും<br><br>മുഖ്യമന്ത്രി പ്രഖ്യാപിച്ച കർമ്മ പദ്ധതികളിൽ (അനുബന്ധമായി ചേർക്കുന്നു) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വിവരാവകാശ അപേക്ഷാ ഫീസ് മണി ഓർഡറായി സ്വീകരിക്കും, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികൾ രൂപീകരിക്കും, സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്. സി.യ്ക്ക് , ഉന്നത സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി., വിപുലമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവ ഒഴികെ മറ്റെല്ലാ പദ്ധതികളും നടപ്പാക്കിയതോ നടപ്പാക്കൽ പ്രക്രിയയിൽ ഉള്ളതോ ആണ്. നടപ്പിലാക്കാത്ത പദ്ധതികളിൽ ഒന്നായ വിപുലമായ ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ഒരു വർഷത്തെ പരിപാടിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു. |
| (ബി) | ഇവയിൽ ഏതെങ്കിലും നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ടോ ; എങ്കിൽ അവ എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കും ; | |
| (സി) | കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (സി) കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വകുപ്പു മന്ത്രിമാരുടെ നേതൃത്വത്തിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്